# കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ്

## <u>വിജ്ഞാപനം</u>

**തിരുവിതാംകൂർ ദേവസ്വം ബോർഡ് ബിൽഡിംഗ്**
**എം.ജി. റോഡ്, ആയുർവേദ കോളേജ് ജംഗ്ഷൻ**
**തിരുവനന്തപുരം- 695 001**
**e.mail.kdrbtvm@gmail.com**
**web.www.kdrb.kerala.gov.in. Ph. 0471-2339377**

നമ്പർ 50/റിക്രു./കെ.ഡി.ആർ.ബി./2015 തീയതി 14.02.2018

വിജ്ഞാപന തീയതി **14.02.2018**

അവസാന തീയതി **17.03.2018**

മലബാർ ദേവസ്വം ബോർഡിൽ താഴെ വിവരിക്കുന്ന തസ്തികയിലെ ഒഴിവുകളിൽ നിയമിക്കപ്പെടുന്നതിന് ഹിന്ദു മതത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷ ക്ഷണിച്ചുകൊള്ളുന്നു.

കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിന്റെ ഔദ്യോഗിക വെബ് സൈറ്റായ www.kdrb.kerala.gov.in-ലൂടെ ഒറ്റത്തവണ രജിസ്ട്രേഷൻ നടത്തിയ ശേഷം ഓൺ ലൈനായി സമർപ്പിക്കുന്ന അപേക്ഷകൾ മാത്രമേ സ്വീകരിക്കുകയുള്ളു.

| | | |
|---|---|---|
| 1. | കാറ്റഗറി നമ്പരും വർഷവും | 1/2018 |
| 2. | തസ്തികയുടെ പേര് | എക്സിക്യൂട്ടീവ് ഓഫീസർ ഗ്രേഡ് – IV |
| 3. | ദേവസ്വം ബോർഡിന്റെ പേര് | മലബാർ ദേവസ്വം ബോർഡ് |
| 4. | ശമ്പള സ്കെയിൽ | രൂപ 7990 - 12930 (പ്രീ–റിവൈസ്ഡ്) |
| 5. | യോഗ്യതകൾ | ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നുള്ള ബിരുദം |
| 6. | ഒഴിവുകളുടെ എണ്ണം | നിലവിലുള്ളത് 9<br>പ്രതീക്ഷിക്കുന്നത് 4<br>കുറിപ്പ്: ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റ് ഏറ്റവും കുറഞ്ഞത് ഒരു വർഷവും ഏറ്റവും കൂടിയത് മൂന്നു വർഷവും നിലവിലിരിക്കുന്നതാണ്. എന്നാൽ ഒരു വർഷത്തിനു ശേഷം ഇതേ ഉദ്യോഗത്തിന് ഒരു പുതിയ റാങ്ക് |

| | | |
|---|---|---|
| | | ലിസ്റ്റ് പ്രസിദ്ധീക്കരിക്കുകയാണെങ്കിൽ ആ തീയതി മുതൽ ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിന് പ്രാബല്യമുണ്ടായിരി ക്കുന്നതല്ല. മുകളിൽ കാണിച്ചിട്ടുള്ള ഒഴിവുകളിലേയ്ക്കും ലിസ്റ്റ് പ്രാബല്യത്തിൽ ഇരിക്കുമ്പോൾ എഴുതി അറിയിക്കുന്ന കൂടുതൽ ഒഴിവുകളിലേയ്ക്കും ഈ റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതാണ്. |
| 7. | നിയമന രീതി | നേരിട്ടുള്ള നിയമനം |
| 8. | പ്രായ പരിധി | 20 - 27, ഉദ്യോഗാർത്ഥികൾ 02.01.1991-നും 01.01.1998-നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ടു തീയതികളും ഉൾപ്പടെ) (G.O.(P) No.41/ 2010/RD dated 04.02.2010) പട്ടിക ജാതി/ പട്ടിക വർഗ്ഗക്കാർക്കും മറ്റു പിന്നോക്ക സമുദായങ്ങളിൽപെട്ടവർക്കും നിയമാനുസൃതമായ വയസ്സിളവ് ഉണ്ടായിരിക്കും (വയസ്സിളവിനെ സംബന്ധിച്ച വ്യവസ്ഥകൾക്ക് പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക) |
| 9. | അപേക്ഷാ ഫീസ് | രൂപ 500/- (അഞ്ഞൂറു രൂപ മാത്രം) പട്ടിക ജാതി/പട്ടിക വർഗ്ഗക്കാർക്ക് രൂപ 300/- (മുന്നൂറ് രൂപ മാത്രം) അപേക്ഷ സമർപ്പിക്കുന്നതിനുള്ള കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിന്റെ വെബ്ബ് പോർട്ടലിലെ പേമെന്റ് ഗേറ്റ്‌വേ വഴി ഓൺ ലൈനായി തുക അടയ്ക്കേണ്ടതാണ്. |

| | | |
|---|---|---|
| 10. | അപേക്ഷ അയയ്ക്കേണ്ട വിധം : | ഉദ്യോഗാർത്ഥികൾ അപേക്ഷ സമർപ്പിക്കുന്നതിനു മുൻപ് കേരള ദേവസ്വം റിക്രൂട്ടുമെന്റ് ബോർഡിന്റെ ഔദ്യോഗിക വെബ് സൈറ്റായ www.kdrb.kerala.gov.in വഴി ഒറ്റത്തവണ രജിസ്ട്രേഷൻ രീതി പ്രകാരം രജിസ്റ്റർ ചെയ്ത ശേഷമാണ് അപേക്ഷ സമർപ്പിക്കേണ്ടത്. ഇങ്ങനെ ഒറ്റത്തവണ രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾക്ക് തങ്ങളുടെ യൂസർ ഐഡിയും പാസ്സ് വേർഡും ഉപയോഗിച്ച് ലോഗിൻ ചെയ്ത ശേഷം അപേക്ഷ സമർപ്പിക്കാവുന്നതാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുമ്പോഴും പ്രസ്തുത തസ്തികയോടൊപ്പം കാണുന്ന നോട്ടിഫിക്കേഷൻ ലിങ്കിലെ “അപ്ലൈ നൗ” (“APPLY NOW”) മാത്രം ക്ലിക്ക് ചെയ്യേണ്ടതാണ്. അപ്‌ലോഡ് ചെയ്യുന്ന ഫോട്ടോ മൂന്നു മാസത്തിനകം എടുത്തതായിരിക്കണം. ഒരിക്കൽ അപ്‌ലോഡ് ചെയ്ത ഫോട്ടോ തുടർന്നുള്ള അപേക്ഷ സമർപ്പിക്കുന്നതിനും ഉപയോഗിക്കാവുന്നതാണ്. പ്രൊഫൈലിലെ പ്രിന്റ് എന്ന ലിങ്കിൽ ക്ലിക്ക് ചെയ്ത് ഉദ്യോഗാർത്ഥിക്ക് താൻ സമർപ്പിച്ച അപേക്ഷയുടെ പ്രിന്റ് ഔട്ട് എടുത്ത് സൂക്ഷിക്കാവുന്നതാണ്. പാസ്‌വേർഡ് രഹസ്യമായി സൂക്ഷിക്കേണ്ടതും പ്രൊഫൈലിൽ നൽകിയിരിക്കുന്ന വ്യക്തിഗത വിവരങ്ങൾ ശരിയാണെന്ന് ഉറപ്പുവരുത്തേണ്ടതും ഉദ്യോഗാർത്ഥിയുടെ ചുമതലയാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുന്നതിനു മുൻപും തന്റെ പ്രൊഫൈലിൽ ഉൾക്കൊള്ളിച്ചിട്ടുള്ള വിവരങ്ങൾ ശരിയാണെന്ന് |

| | | |
|---|---|---|
| | | ഉദ്യോഗാർത്ഥി ഉറപ്പുവരുത്തേണ്ടതാണ്. റിക്രൂട്ടുമെന്റ് ബോർഡുമായുള്ള കത്തിടപാടുകളിലും യൂസർ ഐഡി പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്. റിക്രൂട്ടുമെന്റ് ബോർഡിന് മുൻപാകെ ഒരിക്കൽ സമർപ്പിച്ചിട്ടുള്ള അപേക്ഷകൾ താൽക്കാലികമായി സ്വീകരിക്കപ്പെടുന്നതാണ്. ആയതിനുശേഷം അപേക്ഷയിൽ മാറ്റം വരുത്തുന്നതിനോ, അപേക്ഷ ഒഴിവാക്കുന്നതിനോ കഴിയുകയില്ല. തെരഞ്ഞെടുപ്പ് പ്രക്രിയയുടെ ഏത് അവസരത്തിലായാലും സമർപ്പിക്കപ്പെട്ട അപേക്ഷകൾ വിജ്ഞാപനത്തിലെ വ്യവസ്ഥകൾക്ക് വിപരീതമായി കാണുന്ന പക്ഷം നിരുപാധികം നിരസിക്കുന്നതാണ്. വിദ്യാഭ്യാസ യോഗ്യത, ജാതി, പരിചയം വയസ്സ് മുതലായവ തെളിയിക്കുന്നതിനുള്ള പ്രമാണങ്ങളുടെ പകർപ്പുകൾ ദേവസ്വം റിക്രൂട്ടുമെന്റ് ബോർഡി ആവശ്യപ്പെടുമ്പോൾ ഹാജരാക്കിയാൽ മതിയാകും. അപേക്ഷാ ഫീസ് തുക കേരള ദേവസ്വം റിക്രൂട്ടുമെന്റ് ബോർഡിന്റെ അപേക്ഷ സമർപ്പിക്കുന്നതിനുള്ള വെബ്ബ് പോർട്ടലിലൂടെ ഓൺ ലൈനായി അടയ്ക്കേണ്ടതാണ്. ഡി.ഡി. ആയോ, മണി ഓർഡറായോ, ചെലാൻ മുഖാന്തിരമോ മറ്റേതെങ്കിലും രീതിയിലോ അപേക്ഷാ ഫീസ് ഒടുക്കുവാൻ പാടില്ല. ഒരിക്കൽ അടച്ച അപേക്ഷാ ഫീസ് ഒരു കാരണവശാലും മടക്കി നൽകുന്നതല്ല. |

| | | |
|---|---|---|
| 11. | അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി | 17.03.2018 അർദ്ധരാത്രി 12.00 മണിവരെ |
| 12. | അപേക്ഷ സമർപ്പിക്കേണ്ട മേൽവിലാസം | www. kdrb.kerala.gov.in |

ഫോട്ടോ, ഐഡി കാർഡ്, വയസ്സിളവ് ഉൾപ്പടെയുള്ള നിർദ്ദേശങ്ങൾക്ക് വിജ്ഞാപനത്തിന്റെ പാർട്ട് – II–ൽ കൊടുത്തിരിക്കുന്ന പൊതു വ്യവസ്ഥകൾ നിർബന്ധമായും നോക്കുക.

**സെക്രട്ടറി**
**കേരള ദേവസ്വം റിക്രൂട്ടുമെന്റ് ബോർഡ്**